**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3734** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കായികവികസനനിധിയിൽ നിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം ക്ലബ്ബുകൾക്ക് സ്പോർട്സ്/ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനു സാമ്പത്തികസഹായം അനുവദിക്കുക എന്നിവ ചെയ്തുവരുന്നുണ്ട്. കൂടാതെ സ്വകാര്യ ക്ലബ്ബുകൾക്കും ഇതര സ്ഥാപനങ്ങൾക്കും കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ഫണ്ട് അനുവദിക്കുന്നതിനായി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ക്ലബ്ബുകൾക്ക് കായിക പരിപാടികളുടെ സംഘാടനത്തിന് ധനസഹായം നല്കുന്നതിന് പദ്ധതികളൊന്നും കായിക വകുപ്പിൽ നിലവിലില്ല. |
| (ബി) | ഇത്തരം ക്ലബ്ബുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും കായിക പരിപാടികളുടെ സംഘാടനത്തിനുമായി ധനസഹായം നൽകുന്നതിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | കായികവികസനനിധിയിൽ നിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം ക്ലബ്ബുകൾക്ക് സ്പോർട്സ്/ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനു സാമ്പത്തികസഹായം അനുവദിക്കുക എന്നിവ ചെയ്തുവരുന്നുണ്ട്. കൂടാതെ സ്വകാര്യ ക്ലബ്ബുകൾക്കും ഇതര സ്ഥാപനങ്ങൾക്കും കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ഫണ്ട് അനുവദിക്കുന്നതിനായി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ക്ലബ്ബുകൾക്ക് കായിക പരിപാടികളുടെ സംഘാടനത്തിന് ധനസഹായം നല്കുന്നതിന് പദ്ധതികളൊന്നും കായിക വകുപ്പിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ